പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1556

21.03.2012-ൽ മറുപടിയ്ക്ക്

പ്ലാന്റേഷൻ കോർപ്പറേഷന്റെ വക തോട്ടങ്ങളുടെ സമീപപ്രദേശങ്ങളിൽ അധിവസിക്കുന്നവർക്ക് സഹായം

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| എൻഡോസൾഫാൻ ദുരന്തമേഖലയായ പ്ലാന്റേഷൻ കോർപ്പറേഷന്റെ വക തോട്ടങ്ങളുടെ സമീപപ്രദേശങ്ങളിൽ അധിവസിക്കുന്നവർക്ക് കൃഷി വകുപ്പ് മുഖേന എന്തൊക്കെ സഹായങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്നു വ്യക്തമാക്കാമോ? | എൻഡോസൾഫാൻ ദുരിതബാധിതമായി പ്രഖ്യാപിച്ചിട്ടുള്ള 11 പഞ്ചായത്തുകളിൽ അധിവസിക്കുന്നവർക്ക് മാത്രമായി കൃഷി വകുപ്പ് മുഖേന പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നില്ല. എന്നാൽ കൃഷി വകുപ്പ് മുഖേന എൻഡോസൾഫാൻ ദുരിതബാധിത 11 പഞ്ചായത്തുകൾ ഉൾപ്പെടെ ജില്ലയിൽ താഴെ പറയുന്ന പദ്ധതികൾ ജനോപകാരപ്രദമായി നടപ്പിലാക്കി വരുന്നുണ്ട്. നെൽകൃഷി വികസനത്തിനുള്ള ഭക്ഷ്യസുരക്ഷാ പദ്ധതി, സുസ്ഥിര നെൽകൃഷി വികസനം, തരിശുഭൂമി കൃഷി, തെങ്ങ് കൃഷി വികസനം, രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതികൾ ഉൾപ്പെടുന്ന തെങ്ങ്, കമുക്, വാഴക്കൃഷി, സമഗ്ര പച്ചക്കറി വികസനം, കോക്കനട്ട് ഡവലപ്മെന്റ് ബോർഡ് മുഖാന്തിരം നടപ്പിലാക്കുന്ന നാളികേരവികസന പദ്ധതി, യന്ത്രവൽക്കരണം, ആത്മ പദ്ധതി തുടങ്ങിയവ നടപ്പിലാക്കുന്നു. കൂടാതെ ജില്ലാ പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിപ്രകാരം ഹരിത സാന്ത്വനം എന്ന പദ്ധതിയനുസരിച്ച് 11 പഞ്ചായത്തുകളിലായി 50 പേരുള്ള 2 ഗ്രൂപ്പുകൾക്ക് ഗ്രൂപ്പ് ഒന്നിന് ഒരു ലക്ഷം രൂപയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തു വരുന്നു. 11 പഞ്ചായത്തുകൾക്കായി 22 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. ഗ്രാമപഞ്ചായത്തുകളുടെ പദ്ധതികളിലും |

| | |
|---|---|
| | മേൽപ്പറഞ്ഞ പഞ്ചായത്തിലെ കർഷകരും ഗുണഭോക്താക്കളാണ്. കൂടാതെ 5 കോടി (അഞ്ച് കോടി) രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് പ്ളാന്റേഷൻ കോർപ്പറേഷൻ സംഭാവന ചെയ്തിട്ടുണ്ട്. അതു കൂടാതെ കാസർഗോഡ് എസ്റ്റേറ്റിൽ ഭാവിയിൽ ഉണ്ടാകുന്ന തൊഴിലാളികളുടെ ഒഴിവുകളിൽ 25 ശതമാനം എൻഡോസൾഫാൻ ദുരിതബാധിതരുടെ രക്ഷാകർത്താക്കൾ / ആശ്രിതർക്ക് സംവരണം ചെയ്യുന്നതിനും കോർപ്പറേഷന്റെ 4.6.2011-ൽ കൂടിയ ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ